സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം

**എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്**

# ഡിപ്ലോമ ഇൻ ആർട്ട് & ക്രാഫ്റ്റ് ടീച്ചർ ട്രെയിനിംഗ് (DACT)

## 2024 ജൂലൈ സെഷൻ

### പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് **2024 ജൂലൈ** സെഷനിൽ ആരംഭിക്കുന്ന **ഡിപ്ലോമ ഇൻ ആർട്ട് & ക്രാഫ്റ്റ് ടീച്ചർ ട്രെയിനിംഗ് (DACT)** പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത പഠന കേന്ദ്രത്തിന്റെ സഹായത്തോടെയാണ് തിയറി പ്രാക്ടിക്കൽ ക്ലാസുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷമാണ് ഡിപ്ലോമ പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Semester 1

1. CT001: Basics of Art
2. CT002: Concepts of Painting
3. CT003: Handmade Crafts
4. CT004: Practical Part I

Semester 2

5. CT005: Fabric Art & Decorations
6. CT006: Indian Art and Craft
7. CT007: International Art and Craft
8. CT008: Practical Part II

പൊതു അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക (പ്രായോഗിക പരിശീലനം) ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, നേരിട്ടും ഓൺലൈനിലുമായി നടക്കുന്ന തിയറി ക്ലാസ്സുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് ആർട്ട് & ക്രാഫ്റ്റ് ടീച്ചർ ട്രെയിനിംഗ് പഠനം ക്രമീകരിച്ചിരിക്കുന്നത്. എഴുത്തു പരീക്ഷകൾ, അസൈൻമെന്റുകൾ, പ്രോജക്ട്, പ്രാക്ടിക്കൽ പരീക്ഷകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു പാസ്സ് അഥവാ തത്തുല്യ യോഗ്യതയാണ്. അപേക്ഷകർ 18 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധിയില്ല.

ഡിപ്ലോമ പ്രോഗ്രാമിൽ ചേരുന്നതിനുള്ള ഫീസ് 16,200/- രൂപയാണ്. നാല് തവണയായി ഫീസ് അടക്കുന്നതിന് സൗകര്യമുണ്ട്. ആദ്യ തവണത്തേക്ക് അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടി ചേർത്ത് 4,200/- രൂപയും, രണ്ടും മൂന്നും നാലും തവണകളിൽ 4,000/-രൂപ വീതവുമാണ് ആകെ പ്രോഗ്രാം ഫീസിനത്തിൽ അടയ്ക്കേണ്ടത്. ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കുന്നതിന് https://app.srccc.in/register എന്ന ലിങ്കിലൂടെ കഴിയും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ജൂൺ 30 ആണ്. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവന

ത്തുള്ള എസ്.ആർ.സി. ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി. ഒ., തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ലാവണ്ടർ ആർട്ട് & ക്രാഫ്റ്റ് അക്കാദമി, തിരുവനന്തപുരം (8891105888) ആണ് ഈ പ്രോഗ്രാമിന്റെ അക്കാദമിക് പങ്കാളി.

Sd/-

**ഡയറക്ടർ**